മരണത്തിൽ പോലീസിന് യാതൊരു പങ്കുമില്ല. പോലീസ് ഓടിച്ചപ്പോൾ വീണു മരിച്ചതുമല്ല. ദേവലാലിനെ പോലീസ് കസ്റ്റഡിയിലെടുക്കുകയോ, മർദ്ദിക്കുകയോ ചെയ്തിട്ടില്ല. പോലീസിന്റെ ഭാഗത്തു നിന്നും ദേവലാലിന്റെ മരണത്തെ സംബന്ധിച്ചിടത്തോളം യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(7) തേയിലത്തോട്ടങ്ങളിലെ ലോക്കൗട്ട്

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, കേരളത്തിലെ ഹൈറേഞ്ചുകളിൽ കനകം വിളയിക്കുന്നവരാണ് തേയിലത്തോട്ടം തൊഴിലാളികൾ എന്നു ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ഇപ്പോൾ രണ്ടു മാസത്തോളമായി പല തേയിലത്തോട്ടങ്ങളുടേയും ഉടമകൾ അന്യായമായ ലോക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. വയനാട് ജില്ലയിൽ റിബൺ, എങ്ങ്സ്റ്റൺ എന്നീ തോട്ടങ്ങളും, പീരുമേടിൽ വാഗമൺ, ആഷ്ട്രി, ലിസ്ട്രിഗോവിൽ എന്നീ തോട്ടങ്ങളും കഴിഞ്ഞ 7 വാരക്കാലമായി ലോക്കൗട്ടിലാണ്. പതിനായിരത്തോളം തൊഴിലാളികളെ ഇതു ബാധിച്ചിട്ടുണ്ട്. ബോണസിനു വേണ്ടി തൊഴിലാളികൾ പ്രക്ഷോഭം ആരംഭിച്ചതിനുശേഷമാണ് തോട്ടം ഉടമകൾ നിയമവിരുദ്ധമായി ലോക്കൗട്ടുകൾ പ്രഖ്യാപിച്ചത്. ഐ. എൻ. റ്റി. യു. സി, എ. ഐ. റ്റി. യു. സി., സി. ഐ. റ്റി. യു., യു. റ്റി. യു. സി., എച്ച്. എം. എസ്. തുടങ്ങിയ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും നേതൃത്വത്തിലുള്ള തൊഴിലാളികൾ ഈ സമര പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. പീരുമേട് ആർ. ബി. റ്റി. കമ്പനിയിലെ ബോണസ് പ്രശ്നം ഗവൺമെന്റ് അഡ്ജുഡിക്കേഷനു വിട്ടു. അതിൽ പ്രതിഷേധിച്ച് ഈ കമ്പനിയുടെ 9 തോട്ടങ്ങളിലെ പതിനായിരത്തോളം വരുന്ന തൊഴിലാളികൾ തോട്ടം തുറന്നിട്ടും ഇതുവരെ ജോലിക്ക് ഹാജരായിട്ടില്ല. ഒത്തുതീർപ്പിലൂടെ പരിഹരിക്കേണ്ട ഒരു പ്രശ്നമായിരുന്നു അത്. അന്ന് ഇത് പരിഹരിക്കാൻ ഗവൺമെന്റ് കുറേക്കൂടി ശ്രമിച്ചിരുന്നുവെങ്കിൽ കഴിയുമായിരുന്നു. അങ്ങനെ ചെയ്യാതെ, അഡ്ജുഡിക്കേഷൻ വിട്ടു എന്നുള്ളതാണ് ആ തൊഴിലാളികൾക്കുള്ള പ്രതിഷേധം. എല്ലാ കേന്ദ്ര സംഘടനകളും സംയുക്തമായി, സമരം തുടരുകയാണ്. അതേ തുടർന്ന് ഉടമയും തൊഴിലാളി യൂണിയനുകളും തമ്മിൽ നേരിട്ട് കൂടിയാലോചിച്ച് തൊഴിലാളികളുടെ ആവശ്യങ്ങൾ ഒരു പരിധി വരെ അംഗീകരിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നില്ല, പ്ലാറേൻഷൻ ലേബർ ആക്ട് നടപ്പിലാക്കുന്നില്ല. ഇതു നടപ്പിലാക്കിക്കാണുവാൻ ഗവൺമെന്റ് നടപടിയെടുക്കുന്നില്ല. പാർപ്പിട സൗകര്യം, കുടിവെള്ളം, സൗജന്യവൈദ്യസഹായം തുടങ്ങിയവയെല്ലാം ഇവർക്കു നിഷേധിക്കുന്നു. ഇത്തരം ഒരു സ്ഥിതിഗതിയെ നേരിടുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഇടുക്കിയിലേയും വയനാട്ടിലേയും 15 തോട്ടങ്ങളിലെ ലോക്കൗട്ടിനെക്കുറിച്ചാണ്. ആ തോട്ടങ്ങളിൽ 18,500-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1994-95-ൽ ആ തൊഴിലാളികൾക്ക് 20% ബോണസ് നൽകണമെന്നതായിരുന്നു അവർ ഉന്നയിച്ച ആവശ്യം .പക്ഷേ പേമെൻറ് ഓഫ് ബോണസ് ആക്ടനുസരിച്ചുള്ള ബോണസ് മാത്രമേ നൽകൂ എന്നാണ് മാനേജുമെൻറ് പറഞ്ഞത്. ആർ. ബി. ററി. കമ്പനി 10% ബോണസ് പ്രഖ്യാപിച്ചു. ബാക്കിയുള്ള കമ്പനികൾ സ്ററാറ്റ്യൂട്ട് അനുസരിച്ച് 8¼ ശതമാനവും പ്രഖ്യാപിച്ചു. ഇതുമാത്രമേ സ്ററാറ്റ്യൂട്ട് അനുസരിച്ച് നൽകേണ്ടതുള്ളൂ എന്നായിരുന്നു അവരുടെ വാദം. ഈ വാദം കഴിഞ്ഞ കൊല്ലവും അതിനു മുമ്പിലത്തെ കൊല്ലവുമെല്ലാം നടത്തിയിട്ടുണ്ട്. അന്നത്തെ ചില കേസുകൾ ട്രൈബ്യൂണലിൽ കിടക്കുകയുമാണ്. ഏതായാലും തൊഴിലാളികൾ ഉന്നയിച്ച ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വളരെയധികം ചർച്ചകളൊക്കെ നടന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ആർ. ബി. ററി. കമ്പനിയിൽ 15,000ത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ആ കാര്യത്തിൽ ഞാൻ മൂന്നു പ്രാവശ്യം ഇടപെട്ടു. ഗവൺമെൻറ് ഇടപെട്ടു എന്നു പറയുന്നത് ശരിയല്ല, അവസാനം മാനേജ്മെൻറ് ഹൈക്കോടതിയിൽ പോയി. ഐ. ബി. ആക്ട് 12 (4) അനുസരിച്ച് റിപ്പോർട്ട് കിട്ടിയതുകൊണ്ട് ഇനി ഗവൺമെൻറ് ബാക്കിയുള്ള നടപടികൾ കൈക്കൊള്ളാതിരിക്കുന്നത് ശരിയല്ല. അഡ്ജുഡിക്കേഷനു വിടണമെന്നുള്ള നിലപാടാണ് ഹൈക്കോടതി എടുത്തത്. അതുകൊണ്ട് അത് അഡ്ജുഡിക്കേഷനു വിട്ടു. ഇതാണ് സംഭവത്തിന്റെ സത്യാവസ്ഥ. ഏതായാലും ഇപ്പോൾ അത് അഡ്ജുഡിക്കേഷൻ നിലിരിക്കുകയാണ്. ആ തൊഴിലാളികൾ ജോലിക്ക് കയറിയിട്ടുണ്ടെന്നു മാത്രമല്ല, അവിടെ ജോലി നടക്കുകയും ചെയ്യുന്നു. 15,000-ത്തോളം തൊഴിലാളികളും ജോലിക്ക് ഹാജരായിരിക്കുകയാണ്. ഇനി 3,000-ൽ ചിലപ്പോൾ തൊഴിലാളികളുടെ പ്രശ്നം മാത്രമേയുള്ളൂ. അതുപോലെതന്നെ പോളാർ എസ്റേറററിന്റെ കാര്യത്തിലും ഹൈക്കോടതിയിൽ പോയിരിക്കുകയാണ്. ഹൈക്കോടതി 3 ആഴ്ചകൊണ്ട് തീരുമാനമെടുക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ കഴിഞ്ഞ 15-ാം തീയതി ഒരു കോൺഫറൻസ് വച്ചിരുന്നു, അന്ന് ആ കോൺഫറൻസ് നടന്നിട്ടില്ല. ഏതായാലും ഈ ആഴ്ച ആ കോൺഫറൻസ് വയ്ക്കും. ബാക്കിയുള്ളത് വെറിയ രണ്ടു കമ്പനികളാണ്. ആ കമ്പനികളുടെ കാര്യത്തിൽ ലേബർ കമ്മീഷണർ ഇടപെട്ടിട്ടുണ്ട്. ഗവൺമെൻറിന്റെ സ്ററാറ്റ്യൂട്ട് അനുസരിച്ച് പേമെൻറ് ഓഫ് ബോണസ് ആക്ടനുസരിച്ചുള്ള പരിമിതികൾ ഞാൻ പറയാതെ താന്നെ ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അതേയവസരത്തിൽ തൊഴിലാളികളുന്നയിക്കുന്ന ആവശ്യം തെറ്റാണെന്നുള്ള വാദം ഗവൺമെൻറിനില്ല. തൊഴിലാളികളോട് പൂർണ്ണമായ അനുഭാവമുണ്ട്. അതേയവസരത്തിൽ ഈ സ്ററാറ്റ്യൂട്ട് അനുസരിച്ചു പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നതു ചെയ്യുന്നതാണ്.

(8) ഫാം തൊഴിലാളികൾ സെക്രട്ടേറിയററ് നടയിൽ നടത്തുന്ന സത്യാഗ്രഹം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, കേരള സർക്കാരിന്റെ കീഴിലുള്ള കൃഷി ഡിപ്പാർട്ടുമെൻറിന്റേയും അതേപോലെതന്നെ കാർഷിക സർവ്വകലാശാല, മൃഗ സംരക്ഷണം, ഡയറി, മണ്ണൊലിപ്പുതടയൽ തുടങ്ങിയ ഡിപ്പാർട്ടുമെൻറുകളുടെയും കീഴിൽ ജോലിചെയ്യുന്ന ഫാം തൊഴിലാളികൾ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly